പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3558 10.04.2013-ൽ മറുപടിക്ക്

## മുനിസിപ്പാലിറ്റികൾക്കായി ബൃഹത് വികസനപദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബഹനാൻ<br>,, സി. പി. മുഹമ്മദ്<br>,, റ്റി. എൻ. പ്രതാപൻ<br>,, കെ. ശിവദാസൻ നായർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ബൃഹത്തായ ഒരു വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) മുനിസിപ്പാലിറ്റികളുടെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി ലോകബാങ്ക് ധനസഹായത്തോടെ കേരള ലോക്കൽ ഗവ.സർവീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി) കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലും നടപ്പിലാക്കി വരുന്നു. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി)<br>• സാമ്പത്തികവും വികസനപരവുമായ പ്രവർത്തനം മെച്ചപ്പെടുത്തുക.<br>• മുനിസിപ്പാലിറ്റികളുടെ കാര്യശേഷി വർദ്ധിപ്പിക്കുക.<br>• പരിശീലന പരിപാടികൾ കുറ്റമറ്റതാക്കുക.<br>• തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിതി വിവര കണക്കുകൾ പൂർണ്ണമാക്കുക.<br>• തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക.<br>• സ്ഥാപനവർക്കരണത്തിന് (Institutionalization) വേണ്ടി വരുന്ന പ്രവർത്തനങ്ങളെ സഹായിക്കുക.<br>• ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക. |
| സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത്; | സി) ലോകബാങ്കിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമായി 1097.56 കോടി രൂപ 4 വർഷത്തേക്ക് പെർഫോമെൻസ് ഗ്രാന്റായി ലഭിക്കുന്നു. |
| ഡി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നറിയിക്കുമോ? | ഡി) കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമായി 260 മില്യൻ അമേരിക്കൻ ഡോളർ ആണ് അടങ്കൽ തുക (4 വർഷത്തേക്ക്). |

സെക്ഷൻ ഓഫീസർ